# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.529

## 29/05/2019 ൽ മറുപടി നൽകേണ്ടത്

### സാമൂഹ്യക്ഷേമ പെൻഷൻ

**ചോദ്യം**
ശ്രീ.റോജി.എം.ജോൺ

**മറുപടി**
ഡോ. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന നിബന്ധനകളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; | സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്തൊക്കെ ഇളവുകളാണ് ഇക്കാര്യത്തിൽ കൊണ്ടുവന്നതെന്നും അതിനുള്ള സാഹചര്യമെന്തായിരുന്നുവെന്നും വ്യക്തമാക്കുമോ; | 1200 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകളിൽ താമസിക്കുന്നവർക്ക് പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധന പിൻവലിച്ചു കൊണ്ടും 2000 രൂപ വരെ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ഉയർന്ന നിരക്കിലും 2000 രൂപയ്ക്ക് മുകളിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കുന്നതാണെന്നും സർക്കാർ ഉത്തരവ് നം.സ.ഉ(എം.എസ്) നം.93/2019/ധന തീയതി 21.02.2019 പ്രകാരം ഉത്തരവായിട്ടുണ്ട്. വികലാംഗനായ ഒരു വ്യക്തിക്ക് രണ്ട് പെൻഷന് അർഹതയുണ്ടെന്നും ഇതിൽ ഒരു പെൻഷൻ ഉയർന്ന നിരക്കിലും രണ്ടാമതൊരു പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടെന്നും 06/07/2018 തീയതിയിലെ സ.ഉ.(എം.എസ്).241/2018 /ധന , 16/02/2019 തീയതിയിലെ സ.ഉ.(എം.എസ്).90/2019/ധന എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഗുണഭോക്താക്കളുടെ നിരന്തരമായ ആവശ്യം പരിഗണിച്ചാണ് ഇത്തരത്തിൽ അർഹത മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ചത്. |

| | | |
|---|---|---|
| (സി) | പുതുതായി വരുത്തിയ ഇളവുകൾ മൂലം സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിന് അർഹത നേടിയവർ എത്രയാണെന്ന് വെളിപ്പെടുത്തുമോ? | വിവരം ശേഖരിച്ച് വരുന്നു. |

Sreekala P

സെക്ഷൻ ഓഫീസർ